(സി) ഈ പദ്ധതിക്ക് നബാർഡിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ അജാസൂർ പഞ്ചായത്തിൽ അടോട്ടു തോടിനു കുറുകെ കൊടോട്ട് എന്ന സ്ഥലത്ത് ഒരു വി. സി. ബി. -കം-ബ്രിഡ്ജിന്റെ നിർമ്മാണം പരിഗണനയിലുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ആർ.ഐ.സി.എഫ്. iv - ൽ ഉൾപ്പെടുത്തി നബാർഡ് ഈ പ്രവർത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

ചാലിയാർ പുഴയ്ക്ക് വി. സി. ബി നിർമ്മിക്കാൻ നടപടി

35 (1702) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ കൈപ്പിനിയിൽ ചാലിയാർ പുഴയ്ക്ക് ഒരു വി.സി.ബി. നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ചാലിയാർ പുഴയ്ക്ക് കുറുകെ ചുങ്കത്തറ പഞ്ചായത്തിൽ കൈപ്പിനിയിൽ ഒരു ചെക്ക് ഡാം (വി.സി.ബി. അല്ല) നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. പഠനശേഷം റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

കൊണ്ടഴിഞ്ഞാൽ-കോട്ടമുറി, മാതുചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

36 (1703) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ കൊണ്ടഴിഞ്ഞാൽ-കോട്ടമുറി, മാതുചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി നിർത്തിവെച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പണികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly